കേരള സർക്കാർ

# ആവോലി ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.8)1905/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 28.11.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആവോലി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.8)1905/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 28.11.2016

# എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 25.07.2016 തീയതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് PA4-8456/2016 തീയതി 08.08.2016-ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01.04.2015 മുതൽ 14.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രസീതുകളുടെ പരിശോധനയും 08/2015, 03/2016, 08/2016 എന്നീ മാസങ്ങളിലെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ / രേഖകൾ/ വിവരങ്ങൾ / വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയ മാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് / ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.05.2016 മുതൽ 30.05.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജലജ. എം. കെ., അസി. ഓഡിറ്റ്ഓഫീസർ |
| | ശ്രീ. സ്റ്റാർ.പി. ജോൺ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനീഷ്.ആർ., ഓഡിറ്റർ |
| | ശ്രീമതി. മായ കൃഷ്ണൻ., ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മേരി ബേബി | 1.4.2015 മുതൽ 12.11.2015വരെ |
| | ശ്രീ. ജോർഡി വർഗ്ഗീസ് | 13.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ. എം. പി. ജഗദീഷ് | 1.4.2015 മുതൽ4.5.2015 വരെ |

| | | |
|---|---|---|
| | ശ്രീ.ജോർജ്ജ് ജോസഫ് | 15.5.2015മുതൽ 31.3.2015 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.പി.കെ ബാലകൃഷ്ണൻ | 1.4.2015 മുതൽ18.5.2015 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ആര്യ സി. ഉണ്ണി | 1.4.2015 മുതൽ18.5.2015 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പി.കെ.ബാലകൃഷ്ണൻ | 19.5.2015 മുതൽ31.3.2015വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ബ്ലസി പോൾ | 1.4.2015 മുതൽ31.8.2015 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.മഞ്ജു രാജഗോപാൽ | 1.9.2015 മുതൽ5.10.2015 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.പ്രജീഷ് ജോൺ | 6.10.2015മുതൽ30.11.2015വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.പ്രിയപാൽ രാജ് | 1.12.2015മുതൽ28.02.2016വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. ബ്ലസി പോൾ | 1.3.2015 മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ബിന്ദു തോമസ് | 1.4.2015 മുതൽ31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീകല. എം | 1.4.2015 മുതൽ31.3.2016വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സോമോൾ അബ്രാഹാം | 1.4.2015 മുതൽ31.3.2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ഫസില ടി.ഐ. | 1.4.2015 മുതൽ18.5.2015 വരെ |
| വി.ഇ.ഒ | ശ്രീ.പ്രിയരഞ്ജൻ ആർ | 19.5.2016മുതൽ31.3.2016 വരെ |
| വി.ഇ.ഒ | ശ്രീ.ജിതിൻ കെ. മങ്ങാട്ട് | 19.8.2015മുതൽ12.10.2015വരെ |
| വി.ഇ.ഒ | ശ്രീ.ഷഫീക്ക്.കെ.കെ. | 28.11.2015മുതൽ31.3.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അഞ്ജു പോൾ | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജാനറ്റ് സേവ്യർ | 1.4.2015 മുതൽ31.1.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രാധ. കെ. കെ. | 1.2.2016 മുതൽ15.2.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രമ്യ രതീശൻ | 16.2.2016 മുതൽ31.3.2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പി.കെ. ജാഫർ | 1.4.2015 മുതൽ31.3.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.എലിസബത്ത്. സി. ജോർജ്ജ് | 1.4.2015 മുതൽ31.3.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | രസീതുകളുടെ സ്റ്റോക്ക്-ഉപയോഗം | 2-1 |
| 12 | പണം പിൻവലിയ്ക്കൽ | 2-2 |
| 13 | കെട്ടിടനികുതി | 2-3 |
| 14 | പെർമിറ്റ് ഫീസ് | 2-4 |
| 15 | ഡി&ഒ ലൈസൻസ് | 2-5 |
| 16 | തൊഴിൽ നികുതി | 2-6 |
| 17 | വാടക/ആസ്തി | 2-7 |
| 18 | വരവിനങ്ങളുടെ പിരിവ് പുരോഗതി | 2-8 |
| | ഭാഗം - 3 | |
| 19 | തനത്ഫണ്ട് വൗച്ചർ | 3-1 |
| 20 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം | 3-2 |
| 21 | പദ്ധതി-സൂക്ഷ്മ പരിശോധന | 3-3 |
| 22 | പദ്ധതി ചെലവ് | 3-4 |
| 23 | പ്രോജക്ടുകൾ പൂർത്തീകരിക്കാത്തത് | 3-5 |
| 24 | പൊതുമരാമത്ത് പ്രവൃത്തികൾ | 3-6 |
| 25 | ആശ്രയ പദ്ധതി | 3-7 |
| 26 | ആശ്രയ ഭവന നിർമ്മാണം | 3-8 |
| 27 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | 3-9 |
| 28 | അതുല്യം രണ്ടാം ഘട്ടം | 3-10 |
| 29 | അനർഹമായ കാലയളവിലും ഉപജീവനബത്തയോടൊപ്പം വീട്ടുവാടകബത്ത അനുവദിച്ചു | 3-11 |
| 30 | വീട് പുനരുദ്ധാരണം | 3-12 |

| | ഭാഗം - 4 | |
|---|---|---|
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 42 | റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 43 | ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | 111/16, 04.03.2016 ( പുതുക്കിയത്) |
|---|---|
| 12-14/15,04/03/2015 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. അപാകത ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 19665101.00 |
| വരവ് | 30997176.00 |
| ആകെ | 50662277.00 |
| ചെലവ് | 45373175.00 |
| നീക്കിബാക്കി | 5289102.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 3745644 | 6460345 | 10205989 | 9047042 | 1158947 | 00 |
| വികസനഫണ്ട് (എസ്. സി.പി) | 809092 | 1681000 | 2490092 | 1437543 | 1052549 | 00 |
| വികസന ഫണ്ട് (ടി.എസ്.പി) | 58000 | 66000 | 124000 | 62500 | 61500 | 00 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1684399 | 10266000 | 11950399 | 9629170 | 2321229 | 00 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 980573 | 2732000 | 3712573 | 2466524 | 1246049 | 00 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3108674 | 2659829 | 5768503 | 4212202 | 1556301 | 00 |
| ലോക ബാങ്ക് സഹായം | 3121920 | - | 3121920 | 2833832 | 288088 | 00 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

**(എ)**

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 150 | 125 | 16 | 9 | 83.33% |

**(ബി)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 12 | 4774579 | 3175199 | 66.5% |
| അസി.എഞ്ചിനീയർ | 91 | 80 | 25778714 | 19480674 | 76% |
| മെഡിക്കൽഓഫീസർ, അലോപ്പതി | 5 | 5 | 571400 | 465535 | 81% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽഓഫീസർ, ആയുർവ്വേദം | 5 | 3 | 338000 | 311882 | 92% |
| മെഡിക്കൽഓഫീസർ, ഹോമിയോ | 2 | 2 | 85000 | 82624 | 97% |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 1590000 | 1208750 | 76% |
| വി.ഇ.ഒ. | 13 | 12 | 2396000 | 2129000 | 89% |
| കൃഷി ഓഫീസർ | 2 | 2 | 1185015 | 1185015 | 100% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 3 | 2547800 | 1653709 | 65% |
| ഹെഡ് മാസ്റ്റർ | 2 | 2 | 126200 | 21782 | 17% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4063218 | 4219269 | 156051 | 3.84% (+) |
| നികുതിയേതര വരവുകൾ | 875654 | 636954 | 238700 | 27.25%(-) |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 82728 | 172908 | 90180 | 109% (+) |
| ആകെ | 5021600 | 5029131 | 484931 | 9.65% (+) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | **2015-16**ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 54 | 54 | - | - |
| 2 | തൊഴിൽരഹിത വേതനം | 4 | 4 | - | - |
| 3 | വിധവാപെൻഷൻ | 98 | 98 | - | - |
| 4 | വികലാംഗപെൻഷൻ | 42 | 42 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 268 | 268 | 32 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2016-ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 7,908/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.7.16മുതൽ 25.7.16വരെ | 06/2016 | 8.8.2016 | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 21.5.07മുതൽ 31.05.07വരെ | 1997-98 മുതൽ 2006-07 വരെ | 12.7.2007 | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകളുടെ സ്റ്റോക്ക്-ഉപയോഗം

01.4.2015 മുതൽ 14.10.2016 വരെ വിവിധ ഇനങ്ങളുടെ പിരിവുകൾക്കായി രസീതുബുക്കുകൾ ബന്ധപ്പെട്ട ജീവനക്കാർക്ക് നല്കിയിട്ടുണ്ട്. അവയുടെ ഉപയോഗം, സ്റ്റോക്ക് പരിപാലനം എന്നിവ ക്രമപ്രകാരമാണ്. സാംഖ്യ രസീതുകളുടെ സൂക്ഷിപ്പും വിതരണവും ക്യാൻസൽ ചെയ്ത രസീതുകളുടെ സാക്ഷ്യപ്പെടുത്തലും അവയുടെ കാരണങ്ങളും ന്യായമാണ്.

## 2-2 പണം പിൻവലിയ്ക്കൽ

പഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ ആകെ ആറ് ബാങ്ക് അക്കൗണ്ടുകൾ മുഖേന പണം ഇടപാടുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. അവയുടെ പണം നിക്ഷേപം, പിൻവലിയ്ക്കൽ എന്നിവ ക്രമപ്രകാരമാണ്.

## 2-3 കെട്ടിടനികുതി

150$m^2$ൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിനായി 35 കെട്ടിടങ്ങൾക്കും 100$m^2$ൽ കൂടുതലുള്ള ഗാർഹികേതര ആവശ്യത്തിനായി 15 കെട്ടിടങ്ങൾക്കും (വിദ്യാഭ്യാസ സ്ഥാപനം) നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2008 ഏപ്രിൽ മുതൽ 2012 മാർച്ച് വരെ കെട്ടിടം കൂട്ടിചേർക്കൽ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പഞ്ചായത്ത് പെർമിറ്റ് അനുവദിച്ചിട്ടില്ല.

## 2-4 പെർമിറ്റ് ഫീസ്

300-ച.മീ.-ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള 3 വാസഗൃഹങ്ങൾക്കും 100-ച.മീ.-ൽ കൂടുതൽവരുന്ന 3 ഗാർഹികേതര കെട്ടിട നിർമ്മാണങ്ങൾക്കും പെർമിറ്റ് നൽകിയിട്ടുണ്ട്. ടി കാലയളവിൽ കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തുകയോ, അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുകയോ ചെയ്തിട്ടില്ല.

## 2-5 ഡി&ഒ ലൈസൻസ്

ഓഡിറ്റ് കാലയളവിൽ ഈയിനത്തിൽ 128-ഓളം ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ഒന്നും തന്നെ ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയല്ല. ടിയിനത്തിലെ കാലികമായ വർദ്ധന ചുവടെ:-

| വർഷം | നല്കിയ ലൈസൻസ് | ലഭിച്ച തുക |
|---|---|---|
| 2014-15 | 125 | 74450/- |
| 2015-16 | 128 | 72600/- |
| വ്യത്യാസം | 3 | 1850/- |

## 2-6 തൊഴിൽ നികുതി

നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ചത് 32 എണ്ണത്തിന് മാത്രമാണ്. 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(b) പ്രകാരം തൊഴിൽ നികുതി നിർണ്ണയ നടപടിയെടുക്കേണ്ടി വന്നിട്ടില്ല. ഡി.&ഒ. ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും അവയുടെ തൊഴിൽ നികുതിയും അടവാക്കിയിട്ടുണ്ട്.

## 2-7 വാടക/ആസ്തി

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 13 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. ടി മുറികളിലെ വാടകക്കാരിൽ നിന്ന് വാടക തുക പൂർണ്ണമായും സാമ്പത്തികവർഷം ഈടാക്കിയിട്ടുണ്ട്.

## 2-8 വരവിനങ്ങളുടെ പിരിവ് പുരോഗതി

താഴെ ചേർക്കും പ്രകാരം കെട്ടിട നികുതിയൊഴികെ മറ്റ് വരവിനങ്ങളുടെ പിരിവിൽ പഞ്ചായത്തിന് 100% നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | ഡിമാന്റ് | പിരിച്ചെടുത്ത തുക | ശതമാനം |
|---|---|---|---|---|
| 1 | കെട്ടിടനികുതി | 2836927.00 | 1509852.00 | 53% |
| 2 | തൊഴിൽ നികുതി | 1568919.00 | 1568919.00 | 100% |
| 3 | ഡി&ഒ | 72600.00 | 72600.00 | 100% |
| 4 | വാടക | 108609.00 | 108609.00 | 100% |
| 5 | പരസ്യനികുതി | 58700.00 | 58700.00 | 100% |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് വൗച്ചർ

സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ 955 വൗച്ചറുകൾ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. സൂക്ഷ്മ പരിശോധനക്കായി 63 എസ്റ്റാബ്ലിഷ്മെൻറ് വൗച്ചറുകളും, 40 ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട വൗച്ചറുകളും, 52 ഓപ്പറേഷൻസ് & മെയിന്റനൻസ് വൗച്ചറുകളും തെരെഞ്ഞെടുത്തിരുന്നു. തെരഞ്ഞെടുത്ത എസ്റ്റാബ്ലിഷ്മെൻറ് വൗച്ചറുകളിൽ 9 എണ്ണം അപാകതയുള്ളതാണ്. ആയതിനാൽ, ഈ വിഭാഗത്തിൽ 1358/- രൂപ നിരാകരിച്ചിട്ടുണ്ട്.

## 3-2 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം

പദ്ധതി നിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പൂർണ്ണ ഉത്തര വാദിത്തത്തോടെ പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയായ ആവോലി ഗ്രാമ പഞ്ചായത്ത് കൃഷിയനുബന്ധ പദ്ധതികൾക്കായി മാറ്റിവെച്ച മുഴുവൻ തുകയും ചെലവാക്കാനായത് പ്രത്യേക പരാമർശം അർഹിക്കുന്നു. സാമൂഹിക ക്ഷേമത്തിനായി പദ്ധതികൾ ഇല്ലാത്തത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയാണ്. ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനായി ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ വൈവിധ്യമുള്ള പദ്ധതികളുടെ അപര്യാപ്തത ശ്രദ്ധയിൽപെടുത്തുന്നു.

## 3-3 പദ്ധതി-സൂക്ഷ്മ പരിശോധന

സൂക്ഷ്മ പരിശോധനക്കായി തെരെഞ്ഞെടുത്ത മൂന്ന് പദ്ധതികളിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പിലാക്കിയ ആശ്രയ ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി പിൻവലിച്ചതിൽ 80000/- രൂപ വിതരണം ചെയ്തിട്ടില്ല. ഭവന പുനരുദ്ധാരണ പദ്ധതിയിൽ രണ്ട് ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം അനുവദിച്ചത് ഉടമസ്ഥാവകാശ രേഖകൾ ഇല്ലാതെയാണ്. ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ അതുല്യം രണ്ടാം ഘട്ടം പദ്ധതിയിൽ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായാണ് 3782/- രൂപ ചെലവാക്കിയത്. ഇപ്രകാരം ആവോലി ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി ചെലവാക്കിയതിൽ 83782/- രൂപ നിരാകരിക്കുകയും, 40000/- രൂപ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 3-4 പദ്ധതി ചെലവ്

പ്രാദേശിക വികസനവും, സാമൂഹ്യനീതിയും സാധ്യമാക്കുന്നതിന് വിവിധ സ്രോതസുകളിൽ നിന്നും ലഭ്യമായ ഫണ്ട് ദീർഘ വീക്ഷണത്തോടെ ഫലപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കി വിനിയോഗിക്കേണ്ടതാണ്. ആവോലി ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമായ ഫണ്ട് വിനിയോഗത്തിൽ ശരാശരി ശ്രദ്ധ പുലർത്തിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഉദ്ധാരണത്തിനായി വിനിയോഗിക്കേണ്ട ഫണ്ടുകളുടെ വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ഒരു ശതമാനം പോലും ചെലവാക്കാനാവാത്തത് ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതക്കുറവായി നിരീക്ഷിക്കുന്നു.

## 3-5 പ്രോജക്ടുകൾ പൂർത്തീകരിക്കാത്തത്

2015-16 പദ്ധതി വർഷത്തിൽ ഗ്രാമപഞ്ചായത്തിന് അനുമതി ലഭിച്ച 151 പദ്ധതികളിൽ 135 എണ്ണം മാത്രമേ തൻവർഷത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ. ആയുർവേദ ആശുപത്രിക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കാത്തത് പ്രാഥമികാരോഗ്യ മേഖലയിൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിന് തടസമായി കാണുന്നു. സെക്രട്ടറി നടപ്പാക്കേണ്ടിയിരുന്ന പൈപ്പ് ലൈൻ നീട്ടൽ പദ്ധതി നടപ്പാക്കാത്തതും പ്രാഥമികമായി ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലെ വീഴ്ചയായി വിലയിരുത്തുന്നു. അങ്കണവാടി വൈദ്യുതീകരണത്തിനായി

അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പാക്കേണ്ടിയിരുന്ന പദ്ധതി തൻവർഷം തന്നെ നടപ്പിലാക്കാത്തത് അങ്കണവാടികളുടെ പരിപാലനത്തിലും നടത്തിപ്പിലും ഉള്ള കാര്യക്ഷമതക്കുറവായി നിരീക്ഷിക്കുന്നു.

## 3-6 പൊതുമരാമത്ത് പ്രവൃത്തികൾ

ഓഡിറ്റ് വർഷം 91 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിക്കുകയും 80 പ്രോജക്റ്റുകൾക്കായി തുക ചെലവഴിക്കുകയും 74 പ്രോജക്റ്റുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണ പദ്ധതികളിൽ പൂർണ്ണമായും ഉപയോഗയോഗ്യമല്ലാത്ത രണ്ട് പദ്ധതികൾ അവശേഷിക്കുന്നുണ്ട് (soo43/16,soo45/16). സൂക്ഷ്മ പരിശോധനയ്ക്കായി 17 ഫയലുകൾ പരിശോധിച്ചതിൽ മറ്റ് അപാകതകൾ കാണുന്നില്ല. ടി കാലയളവിൽ തൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ പിരിച്ചെടുത്ത 464822/-രൂപ ആയതിനത്തിനായി അടവാക്കിയിട്ടുണ്ട്. ആസൂത്രണ, നിർവ്വഹണ കാര്യക്ഷമതയിൽ സർക്കാർ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ അംഗബലം പൂർണ്ണമാണ്.

## 3-7 ആശ്രയ പദ്ധതി.

ഏറ്റവും കൂടുതൽ പിന്തുണ ആവശ്യമുള്ള ഒരു ജനവിഭാഗമാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പഞ്ചായത്തിന്റെ അക്കൗണ്ടിലുള്ള ചലഞ്ച് ഫണ്ട് (1500000/- ) 09.09.2010 മുതൽ ഉപയോഗിക്കുന്നു. ഭക്ഷണം, മരുന്ന്, വസ്ത്രം തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾക്കായി ഈ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെങ്കിലും 2015-16 വർഷം ഭക്ഷണത്തിനു മാത്രമാണ് തുക പിൻവലിച്ചിട്ടുള്ളത്. അതുപോലെ ആശ്രയ പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവരുടെ പട്ടികയിൽ 14 പേർ ഉൾപ്പെട്ടിട്ടുണ്ട്. 1000000/- രൂപ അടങ്കലുള്ള പദ്ധതിയായിരുന്നു. അതിൽ 4 പേരുടെ വീട് മാത്രമാണ് പൂർത്തിയായിട്ടുള്ളത്. 2 പേരുടേത് ചില സാങ്കേതിക കാരണങ്ങളാൽ പൂർത്തിയാക്കാനായില്ല.

## 3-8 ആശ്രയ ഭവന നിർമ്മാണം

| | |
|---|---|
| പ്രോജക്ട് | ആശ്രയ ഭവന നിർമ്മാണം |
| പ്രോജക്ട് നം. | S0017/16 |
| അടങ്കൽ | 1000000/- |
| ചെലവ് | 1000000/- |
| ബിൽ നം. | 23/15-16, 25/15-16, 27/15-16, 30/15-16,32 /15-16, 36/15-16 |
| നിർവ്വഹണം | വി. ഇ. ഒ. |

മേൽ സൂചിപ്പിച്ച പദ്ധതിയിൽ സജീവൻ. എ.ജി., കാവന എന്ന വ്യക്തിക്ക് ഭവന നിർമ്മാണത്തിനായി 200000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ, നാളിതു വരെ 120000/- രൂപ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. DD No. 193862/18-03-16, ₹.20000/-, DD No.193831/ 18-03-16 ₹.60000/- രൂപ ഉൾപ്പെടെ ആകെ ₹.80000/- പിൻവലിച്ചിട്ടുണ്ടെങ്കിലും, നാളിതു വരെ വിതരണം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും ക്രമ പ്രകാരമല്ലാതെ പിൻവലിച്ച തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

## 3-9 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

| | |
|---|---|
| പ്രോജക്ട് | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| പ്രോജക്ട് നം. | S0159/16 |
| അടങ്കൽ | 750000 |
| ചെലവ് | 750000 |

| | |
|---|---|
| ബിൽ നം. | 14/15-16. തീ. 23/01/16 |
| നിർവ്വഹണം | വി. ഇ. ഒ. |

മേൽ സൂചിപ്പിച്ച പദ്ധതിയിൽ 15 കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾക്ക് 10000/- രൂപ വീതം സബ്സിഡി നൽകാൻ വിഭാവനം ചെയ്തിരുന്നു. എന്നാൽ, ഗോൾഡൻ റോഡ് എന്ന കുടുംബശ്രീ സംഘത്തിന് സബ്സിഡി നൽകുന്നതിനായി 10000/- രൂപ [DD No. 192849, തീ. 29.01.16] പിൻവലിച്ചെങ്കിലും, ആയത് വിതരണം ചെയ്തിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡി നൽകുന്നതിനായി പിൻവലിച്ച 10000/- രൂപ വിതരണം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും കൈവശം വെച്ചിരിക്കുന്ന തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

## 3-10 അതുല്യം - രണ്ടാം ഘട്ടം.

| | |
|---|---|
| പ്രോജക്ട് | തുടർ സാക്ഷരതാ കേന്ദ്രങ്ങൾക്ക് പുസ്തകങ്ങൾ, ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ |
| പ്രോജക്ട് നം. | S0062/16 |
| അടങ്കൽ | 61200/- |
| ചെലവ് | 3782/- |
| ബിൽ നം. | 02/16, 16-03-16 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

മേൽ സൂചിപ്പിച്ച പദ്ധതി തുടർ സാക്ഷരതാ കേന്ദ്രങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും, സാക്ഷരതാ കേന്ദ്രങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ, ഗുണഭോക്താക്കളുടെ റിഫ്രഷ്മെൻറ് ചെലവിനായിട്ടാണ് മേൽ തുകചെലവഴിച്ചിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതും ക്രമപ്രകാരമല്ലാതെ ചെലവഴിച്ച തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

## 3-11 അനർഹമായ കാലയളവിലും ഉപജീവന ബത്തയോടൊപ്പം വീട്ടു വാടക ബത്ത നൽകി.

ആവോലി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഇ.കെ. ചന്ദ്രശേഖരനെ 12.04.2014 മുതൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.04.2014-ലെ D/214697/14 നമ്പർ കത്ത് പ്രകാരം അദ്ദേഹത്തിന് നിയമാനുസൃതമായ ഉപജീവന ബത്ത നല്കുവാൻ അനുമതി നല്കിയിരുന്നു. 04.02.2006 തീയതിയിലെ 58/06 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലയളവിലെ ആദ്യ 180 ദിവസത്തിന് ശേഷം ക്ഷാമബത്ത ഒഴികെയുള്ള യാതൊരു ആനുകൂല്യത്തിനും അർഹതയില്ലാത്തതാണ്. ശ്രീ ഇ.കെ. ചന്ദ്രശേഖരന് 08.10.2014 വരെ മാത്രമാണ് വീട്ടു വാടക ബത്തക്ക് അർഹതയുള്ളത്. എന്നാൽ, അദ്ദേഹത്തിന് സസ്പെൻഷൻ കാലയളവിലെ [12.04.2014 മുതൽ 10.11.2015 വരെ] മുഴുവൻ സമയത്തേക്കും വീട്ടു വാടകബത്ത നല്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ അധികമായി കൈപ്പറ്റിയ വീട്ടു വാടക ബത്തയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | ബിൽ നം./തീയതി | അധികം കൈപ്പറ്റിയ വീട്ടുവാടകബത്ത |
|---|---|---|
| മാർച്ച് 2015 | 51500023/09-04-15 | 163/- |
| ഏപ്രിൽ 2015 | 51500093/04-05-15 | 163/- |
| മെയ് 2015 | 51500156/04-06-15 | 163/- |
| ജൂൺ 2015 | 51500227/07-07-15 | 163/- |
| ജൂലൈ 2015 | 51500302/03-08-15 | 163/- |

| | | |
|---|---|---|
| ആഗസ്റ്റ് 2015 | 51500385/03-09-15 | 163/- |
| സെപ്റ്റംബർ2015 | 51500451/05-10-15 | 163/- |
| ഒക്ടോബർ 2015 | 51500508/11-11-15 | 163/- |
| നവംബർ 2015 | 51500595/03-12-15 | 54/- |
| ആകെ | | 1358/- |

അനർഹമായ കാലയളവിലും ഉപജീവന ബത്തയോടൊപ്പം 1358/- രൂപ വീട്ടു വാടക ബത്ത അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും അനർഹമായി കൈപ്പറ്റിയ തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

## 3-12 വീട് പുനരുദ്ധാരണം

| | |
|---|---|
| പദ്ധതി | വീട് പുനരുദ്ധാരണം (ജനറൽ) |
| പദ്ധതി നം | S0014/16 (ഏകവർഷം) |
| അടങ്കൽ | 1120000/- |
| നിർവഹണം | വി. ഇ. ഒ. ആനിക്കാട് |

1)വീട് പുനരുദ്ധാരണം പദ്ധതിയിൽ ശ്രീമതി ലക്ഷ്മി വേലായുധന്റെ മകൻ സദാനന്ദന്റെ ഭാര്യ ജിഷ സദാനന്ദൻ , മുണ്ടാട്ടിൽ, മൂവാറ്റുപുഴ(പി.ഒ), കിഴക്കേക്കര, വാർഡ് III ആനുകൂല്യമായി 20,000/- രൂപ (ചെക്ക്.നം. 192695/28.01.2016) നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ ഹാജരാക്കിയിരിക്കുന്നത് വേലായുധന്റെ സ്ഥലത്തിന്റെ കരം അടവിന്റെ രസീതാണ്. ടി വേലായുധൻ ജിഷയുടെ ഭർത്താവിന്റെ അച്ഛനാകാം, എന്നാൽ അദ്ദേഹത്തിന് സദാനന്ദനെക്കൂടാതെ വേറെ അനന്തരാവകാശികളുണ്ടോ എന്നു വ്യക്തമല്ലാത്തതിനാൽ ജിഷ, ടി ആനുകൂല്യത്തിനർഹയല്ല. എന്നിട്ടും ടിയാൾക്ക് ഈ ആനുകൂല്യം നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2) ശ്രീമതി ഏലിക്കുട്ടി, കാളാപറമ്പിൽ, മൂവാറ്റുപുഴ(പി.ഒ), അട്ടൂപ്പറമ്പ്, വാർഡ് Xlll/155എന്ന ഗുണഭോക്താവിന് വീടിന്റെ പുനരുദ്ധാരണത്തിന് 20,000/- രൂപ ചെക്ക് നം. 192698/28.01.2016 പ്രകാരം നൽകിയിട്ടുണ്ട്. ടിയാൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന കരം ഒടുക്കിയ രസീത് അവരുടെ മകൻ എ.വി. പോൾ, ഭാര്യ ലിസി അറക്കൽ വീട് , അട്ടൂപ്പറമ്പ് എന്ന മേൽവിലാസത്തിലുള്ളതാണ്. 06.01.2016 ന് മൂവാറ്റുപുഴ വില്ലേജ് ഓഫീസർ നൽകിയ തിരിച്ചറിയൽ രേഖ പ്രകാരം ഏലിക്കുട്ടി താമസിക്കുന്നത് ചെറുമകൾ അനുജയുടെ സംരക്ഷണയിലും. എന്നിട്ടും ശ്രീമതി ഏലിക്കുട്ടിക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

മേൽ അപാകത നിലനിൽക്കുന്നതിനാൽ ടിയിനത്തിൽ ചെലവഴിച്ച (20,000 + 20,000 = 40000/-) തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 83090 | ശാരീരിക മാനസിക വെല്ലുവിളി | --- | 83090 |

| | | | | |
|---|---|---|---|---|
| | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (2/4/16-നാണ് തുക പഞ്ചായത്തിൽ ലഭ്യമായിരിക്കുന്നത്) | | |
| ബ്ലോക്ക്പഞ്ചായത്ത് | 120000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 120000 | --- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വിനിയോഗം

**(i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം **:-**

| ക്രമ നം. | **2015-16** ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാന വശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| - | ഇല്ല | - | - | - | - |

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS-ഭവനം | സ.ഉ.നം. 781/10, തീ.8/3/10 | 2580750 | 769375 | 250000 | - | 519375 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീ കരിച്ച വർഷം / തീയതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പി ച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെട്ട വിച്ച വിവരം | ചാർട്ടേഡ് അക്കൗ ണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കി ന്റെ വിവരം | റിമാ ർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയതി | | | | |
| 1 | പി എച്ച് സി , ആവോലി | 2007 14.3.07 | - | - | വകുപ്പ് തല ഓഡിറ്റ് | - | - | - |
| 2 | ആയുർവ്വേദ ഡിസ്പെ ൻസറി, കാവന | 2012 30.7.12 | - | - | വകുപ്പ് തല ഓഡിറ്റ് | - | - | - |
| 3 | വെറ്റിനറി ഹോസ്പിറ്റൽ, ആവോലി | 16.3.15 | - | - | വകുപ്പ് തല ഓഡിറ്റ് | - | - | - |
| 4 | ഹോമിയോ ആശുപത്രി, ആവോലി | 1.11.13 | - | - | വകുപ്പ് തല ഓഡിറ്റ് | - | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30997176.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45373175.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 95140.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40000.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 80000.00 | ശ്രീ.പ്രിയരഞ്ജൻ .ആർ,വി.ഇ.ഒ |

| | | |
|---|---|---|
| 3-9 | 10000.00 | ശ്രീ.പ്രിയരഞ്ജൻ .ആർ,വി.ഇ.ഒ |
| 3-10 | 3782.00 | ശ്രീ.പി.കെ.ജാഫർ,ഹെഡ്മാസ്റ്റർ |
| 3-11 | 1358.00 | ശ്രീ.ജോർജ്ജ് ജോസഫ്,സെക്രട്ടറി |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 40000.00 | ശ്രീ.പ്രിയരഞ്ജൻ .ആർ,വി.ഇ.ഒ |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ -ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക_-ഇല്ല.

**(സി)** കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം.

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രിയരഞ്ജൻ.ആർ, വി.ഇ.ഒ | വി.ഇ.ഒ,ആനിക്കാട് | പഴമഠത്തിൽ,കളവൂർ പി.ഒ,പിറവം |
| ശ്രീ.പി.കെ.ജാഫർ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്,കാവക്കാട് | പുത്തൻ മാളിയേക്കൽ, മുതലക്കോടം,തൊടുപുഴ |
| ശ്രീ.ജോർജ്ജ് ജോസഫ്, സെക്രട്ടറി | സെക്രട്ടറി, ആവോലി ഗ്രാമപഞ്ചായത്ത് | - |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86 /13-01-1987 |
| 1982-82 | എൽ.എഫ്.ഇ.(പി.4)1534/86 /24-04-1987 |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87 /10-02-1988 |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88 /13-05-1988 |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 /21-08-1989 |

| | |
|---|---|
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91 /6-06-1991 |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91 /17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 /13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 /31-10-1995 |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 /19-07-1996 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.(പി.5)1150/97 /19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 /2-12-2002 |
| 1999-2000, 2000-01, 2001-02(പ്ലാൻ) | എൽ.എഫ്.ഇ.(പി.5)183/05 /17-08-2005 |
| 1996-97 (R) | എൽ.എഫ്.ഇ.(പി.5)1213/7 /12-02-2008 |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07 /12-02-2008 |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07 /12-02-2008 |
| 2002-03, 2003-04, 2004-05, 2005-06,2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 /14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 /25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14 /15-12-2014 |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16 /19-07-2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## <u>അനുബന്ധം - 1</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇ.കെ.എം(പി.8)1905/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 28.11.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P8)1905/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 28.11.2016

Certified that I have audited the Annual Financial Statement of AVOLY Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of AVOLY Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director